**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** **03-02-2026 - ൽ മറുപടിയ്ക്ക്**

**കിലേ സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിൽ നാളിതുവരെ എത്ര സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസുകൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | അഞ്ച് (5) |
| (ബി) | മേൽ പരാമർശിച്ച പ്രകാരം സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസുകൾ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തവരിൽ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷ എത്രപേർ വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ഷേമനിധി ബോർഡുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കളെ ഉന്നത പരീക്ഷകളിൽ വിജയിപ്പിക്കുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ടി കൊച്ചിംഗ് ക്ലാസുകൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയിൽ അവരിൽ ആർക്കും തന്നെ വിജയിക്കാനായിട്ടില്ല. എങ്കിലും ടി പരിശീലനം വഴി അവർക്ക് മറ്റുള്ള പൊതു പരീക്ഷകളിലും ഉന്നത വിജയികളാകാൻ സാധിക്കും. |
| (സി) | കിലേ സർവ്വീസ് അക്കാഡമിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അവരുടെ തസ്തികകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (സി) | 4 ജീവനക്കാർ<br>1. കോഴ്സ് കോ-ഓർഡിനേറ്റർ<br>2. കൺസൽട്ടന്റ് 3. എൽ.ഡി. ക്ലർക്ക്<br>4. കാഷ്വൽ സ്വീപ്പർ |
| (ഡി) | കിലേ സർവ്വീസ് അക്കാഡമിയിൽ അധ്യാപക നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത നിയമനങ്ങൾ ഏത് രീതിയിലാണ് നടത്തുന്നതെന്നും വിശദമാക്കാമോ; | (ഡി) | ബിരുദം അടിസ്ഥാന യോഗ്യതയുള്ളവരും യു.പി. എസ്.സി പരിശീലന മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരും, മറ്റ് ഐ.എ.എസ് അക്കാഡമികളിൽ പഠിപ്പിച്ചുള്ള പരിചയമോ സിവിൽ സർവീസ് /പ്രിലിംസ്/മെയിൻ പരീക്ഷകൾ അറ്റന്റ് ചെയ്തവരോ ആയ വിഷയവിദഗ്ധർ മണിക്കൂർ അടിസ്ഥാനത്തിൽ ഗസ്റ്റ് ഫാക്കൽറ്റികളായി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. |
| (ഇ) | കിലേയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും അതിൽ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം എത്രയെന്നും | (ഇ) | ആകെ ജീവനക്കാർ - 17<br>സ്ഥിരം ജീവനക്കാർ - 5 |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; കൂടാതെ, താൽക്കാലിക ജീവനക്കാർ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ? | | താൽക്കാലിക ജീവനക്കാർ - 10<br><br>ഡെപ്യൂട്ടേഷൻ ജീവനക്കാർ -2<br><br>പ്രോജക്ട് കോ-ഓർഡിനേറ്റർ, റിസർച്ച് കോ ഓർഡിനേറ്റർ, റിസർച്ച് അസ്സോസിയേറ്റ്, എൽ.ഡി. ക്ലർക്ക്, ടെലിഫോൺ കം അറ്റൻഡർ, ഡ്രൈവർ കം അറ്റൻഡർ, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലാണ് താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ